## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5708** — **09/07/2012 ൽ മറുപടിക്ക്**

## മദ്രസ നവീകരണ ഫണ്ട് നഷ്ടപ്പെട്ട സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. കെ. ലതിക : | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) മദ്രസ നവീകരണത്തിന് കേന്ദ്ര സർക്കാർ നൽകുന്ന മദ്രസ നവീകരണ ഫണ്ട് കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് എത്ര തുക ലഭിച്ചുവെന്നും എത്ര സ്ഥാപനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ; | എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2006-07 മുതൽ 2010-11 വരെയുള്ള കാലയളവിൽ 17,15,00000/- (17 കോടി പതിനഞ്ച് ലക്ഷം രൂപ) ലഭിക്കുകയും ആയത് 972 മദ്രസ്സകൾക്കായി വിതരണം നടത്തിയിട്ടുണ്ട്. |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഭിച്ച തുക എത്രയെന്നും എത്ര സ്ഥാപനങ്ങൾക്ക് ഈ തുക അനുവദിച്ചുവെന്നും വ്യക്തമാക്കുമോ; | ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ തുക അനുവദിച്ചിട്ടില്ല. |
| സി) ഗ്രാന്റ് ഇൻ എയിഡ് കമ്മിറ്റി മുൻപാകെ എത്ര സ്ഥാപനങ്ങൾ അപേക്ഷ സമർപ്പിച്ചു എന്നും ഇതിൽ എത്ര അപേക്ഷകൾ കമ്മിറ്റി ശുപാർശ ചെയ്തുവെന്നും വ്യക്തമാക്കുമോ; | സി) 2606 അപേക്ഷകൾ ലഭിക്കുകയും 1462 അപേക്ഷകൾ ശുപാർശ ചെയ്ത് എം.എച്ച്.ആർ.ഡിക്ക് അയക്കുകയും ചെയ്തിട്ടുണ്ട്. |
| ഡി) കേരളത്തിലെ അപേക്ഷകൾ കേന്ദ്ര സർക്കാർ ഈ വർഷം മാറ്റിവെച്ചിരിക്കുകയാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഈ കാര്യത്തിൽ ഫണ്ട് നഷ്ടപ്പെടാതിരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ? | ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സെൻട്രൽ ഗ്രാന്റ്- ഇൻ-എയ്ഡ് കമ്മിറ്റിയുടെ അടുത്ത യോഗത്തിൽ ഇക്കാര്യം പരിഗണിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ